പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5146** **28.10.2016**-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ബസുകളുടെ ബോഡി നിർമ്മാണം**

| | ചോദ്യം<br>ശ്രീ. എം. സ്വരാജ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കിയെന്ന് അറിയിക്കുമോ; | (എ) | ജൻറം പദ്ധതി പ്രകാരം ലഭിച്ച 391 ബസുകൾ ഉൾപ്പെടെ 2,367 ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. |
| (ബി) | ഈ ബസുകളുടെ ബോഡി നിർമ്മിച്ചത് എവിടെയാണെന്ന് അറിയിക്കുമോ; | (ബി) | 2367 ബസുകളിൽ ജൻറം പദ്ധതി പ്രകാരം ലഭിച്ച 391 ബസുകളും 10 വോൾവോ മൾട്ടി ആക്സിൽ ബസുകളും 18 സ്കാനിയ മൾട്ടി ആക്സിൽ ബസുകളും പൂർണ്ണ നിർമ്മിത ബസുകളായാണ് വാങ്ങിയിട്ടുള്ളത്. ശേഷിച്ച 1948 ബസുകളുടെ ബോഡി നിർമ്മിച്ചത് കെ.എസ്.ആർ.ടി.സി.യുടെ അഞ്ച് വർക്ക് ഷോപ്പുകളിൽ ആണ്. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം ബോഡി നിർമ്മാണ ശാലകളുടെ സേവനം ഇതിലേക്കായി പൂർണ്ണമായി പ്രയോജനപ്പെടുത്താത്തതിന്റെ കാരണം അറിയിക്കുമോ; | (സി) യും | സേവനം പൂർണ്ണമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇതിലൂടെ കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ; | (ഡി) യും | |
| (ഇ) | ഈ നഷ്ടത്തിന് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ? | (ഇ) യും | |

സെക്ഷൻ ഓഫീസർ